# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.925 03.12.2014-ൽ മറുപടിക്ക്**

## ചേർത്തല താലൂക്കിലെ മറവൻ തുരുത്തിലെ പൈപ്പ് പൊട്ടൽ

| ചോദ്യം<br>ശ്രീ.പി.തിലോത്തമൻ | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) ജപ്പാൻ കുടിവെള്ള പദ്ധതി യുടെ ഭാഗമായി ചേർത്തല താലൂക്കിലെ മറവൻതുരു ത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതും നിരന്തരം പൊട്ടി ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതുമായ 4 കിലോ മീറ്റർ ഭാഗം വരുന്ന ജി.ആർ.പി. പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി എന്ന് അറിയി ക്കുമോ പൈപ്പ് പൊട്ടുന്ന സാഹചര്യം എത്ര ദിവസ ങ്ങൾക്കകം ശാശ്വതമായി പരിഹരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; | (എ) പഞ്ചായത്തിന്റെ ആവശ്യപ്രകാരം നദിക്കരയിലൂടെ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം വാട്ടർ അതോറിറ്റിക്ക് 60 ദിവസത്തിനു ള്ളിൽ അഡ്വാൻസായി കൈമാറുന്ന തിന് 20.10.2014 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനം എടുത്തിരുന്നു. പൈപ്പ് പൊട്ടുന്ന സാഹചര്യം ശാശ്വതമായി പരിഹരിക്കു ന്നതിന് ഇപ്രകാരം പഞ്ചായത്ത് സ്ഥലം കൈമാറിയ ശേഷം നാല് മാസത്തിനകം സാദ്ധ്യമാകുന്നതാണ്. |
| ബി) ശുദ്ധജലം ലഭിക്കുന്നതിന് വൻതുക മുടക്കി കണക്ഷ നെടുക്കുകയും അഡ്വാൻസായി ഫീസടച്ച് കുടിവെള്ളത്തിന് കാത്തിരിക്കുകയും ചെയ്യുന്ന ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന നഷ്ടം പരിഹരി ക്കാൻ എന്ത് നടപടി സ്വീകരി ക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി) ഈ വിധത്തിൽ ആരും തന്നെ കാത്തിരിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് മുമ്പ് ഹൗസ് കണക്ഷനു വേണ്ട പൈപ്പിന്റെ നീളം കണക്കാക്കി അഡ്വാൻസായി 250 രൂപ /500 രൂപ നിരക്കിൽ മാത്രമാണ് വാട്ടർ അതോറിറ്റി അപേക്ഷ സ്വീകരിച്ചി രുന്നത്. അത്തരത്തിലുള്ള അപേക്ഷ കർക്ക് അവർ അപേക്ഷി ക്കുന്നതനുസരിച്ച് സാധ്യമായിട |

ത്തെല്ലാം കണക്ഷൻ നൽകിയിട്ടുണ്ട്. അതിനാൽ നഷ്ടപരിഹാരത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല. കൂടാതെ, ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവ് അനുസരിച്ചാണ് ഉപഭോക്താക്കളിൽ നിന്നും ചാർജ്ജ് ഈടാക്കുന്നത്.

സെക്ഷൻ ഓഫീസർ